# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.669 — 11/06/2014-ൽ മറുപടിക്ക്

## സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സമഗ്ര കാൻസർ ചികിത്സാ പദ്ധതിയുടെ ലക്ഷ്യം എന്തെല്ലാമാണ് ; | (എ) | കേരളത്തിൽ കൂടുതലായി കണ്ടു വരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും വേണ്ടി സമഗ്ര കാൻസർ രോഗനിർണ്ണയ ചികിത്സാ പദ്ധതി ആരംഭിക്കുകയുണ്ടായി. പഞ്ചായത്ത് തലത്തിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരേയും സ്റ്റാഫ് നഴ്സുമാരെയും പ്രയോജനപ്പെടുത്തി കാൻസർ നിർണ്ണയം നടത്തുന്നതിനും ചികിത്സ നിർദ്ദേശിക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിലുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ സംസ്ഥാനത്തെ രോഗികളുടെ എണ്ണത്തിന് അനുസരിച്ച് അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (സി) | തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ തലത്തിൽ അർബുദ രോഗ ചികിത്സ നടത്തി വരുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിലും ഈ ചികിത്സാ സൗകര്യം ലഭ്യമാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാൻസർ രോഗ ചികിത്സാ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മിനി കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ